(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആശാ വർക്കർമാരുടെ ചുമതലകൾ

1 (708) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ആശാ വർക്കർമാരാണ് പ്രവർത്തിക്കുന്നതെന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആശാ വർക്കർമാരുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 28268 ആശാ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

ജില്ല	ആശമാരുടെ എണ്ണം
തിരുവനന്തപുരം	2916
കൊല്ലം	2251
പത്തനംതിട്ട	1183
ആലപ്പുഴ	2222
കോട്ടയം	1719
ഇടുക്കി	1092
എറണാകുളം	2283
തൃശ്ശൂർ	2777
പാലക്കാട്	2565
മലപ്പുറം	3580
കോഴിക്കോട്	1982
വയനാട്	715
കണ്ണൂർ	1992
കാസർഗോഡ്	991
ആകെ	28268

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശാവർക്കർമാരുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്. സമൂഹത്തെ പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെ കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

- സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
- ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.
- ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക
- ഗർഭകാലശുശ്രൂഷയും ടി.ടി.(IFA) എന്നിവയും ലഭ്യമാക്കുക.
- ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യാക്കുക.
- കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.
- പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.
- പകർച്ചവ്യാധി നിയന്ത്രണം, കൊതുകനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
- നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

ഗവൺമെന്റ് നേഴ്സുമാരുടെ പ്രൊമോഷൻ

2 (709) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് നേഴ്സുമാരുടെ പ്രമോഷൻ ഉത്തരവുകൾ റദ്ദു ചെയ്യുന്നതിന് വേണ്ടി ചില ഗൂഢനീക്കങ്ങൾ നടക്കുന്നതായി നേഴ്സുമാരുടെ സംഘടനകൾ ആരോപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly